**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 3** **22-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതിയ്ക്ക് സമയബന്ധിതമായി അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം മുകേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യത്ത് വിവിധ സംസ്ഥാനങ്ങളിൽ അതിവേഗ, അർദ്ധ-അതിവേഗ പാതകൾക്ക് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാരും റെയിൽവേയും ചേർന്നുള്ള സംയുക്ത സംരംഭമായ കെ-റെയിൽ മുഖേന നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുള്ള സിൽവർ ലൈൻ പദ്ധതിയ്ക്ക് സംസ്ഥാന താല്പര്യം മുൻനിർത്തി സമയബന്ധിതമായി അംഗീകാരം നൽകണമെന്ന് പ്രധാനമന്ത്രിയോട് നേരിട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനും പുരോഗതിക്കും മുതൽക്കൂട്ടാകുന്ന സിൽവർ ലൈൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരി ക്കാനാണ് ലക്ഷ്യമിടുന്നത്. 13.07.2021-ന് ബഹു. പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ സിൽവർ ലൈൻ പദ്ധതിയുടെ അംഗീകാരം നൽകുന്ന കാര്യത്തിൽ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ഇതിനുപുറമെ, സിൽവർ ലൈൻ പദ്ധതിയുടെ അന്തിമാനുമതി വേഗത്തിലാക്കണമെ ന്നാവശ്യപ്പെട്ട് ബഹു.പ്രധാന മന്ത്രിക്ക് കത്തും നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | റെയിൽവേയുടെ തത്ത്വത്തിലുള്ള അനുമതി (in-principle approval) ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. എന്നാൽ, സാമൂഹ്യ ആഘാത പഠനം നടത്താൻ വേണ്ടി മാത്രമാണ് നിലവിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതിനുള്ള കല്ലിടലാണ് ഇപ്പോൾ നടക്കുന്നത്. |
| (സി) | അതിവേഗ, അർദ്ധ-അതിവേഗ പാതകളുടെ നേട്ടങ്ങളും കോട്ടങ്ങളും താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (സി) | നിലവിലെ പരിമിതമായ ഭൗതിക സാഹചര്യങ്ങളും ആവശ്യമായി വരുന്ന ചെലവും സംസ്ഥാനത്ത് ഹൈസ്പീഡ് ട്രെയിനുകൾക്ക് അനുകൂലമല്ല. ഹൈസ്പീഡ് ട്രെയിനുകളും സെമി ഹൈസ്പീഡ് ട്രെയിനുകളും ദൂരം താണ്ടാനെടുക്കുന്ന സമയത്തിൽ വലിയ വ്യത്യാസമൊന്നും ഇല്ലെന്ന് വ്യക്തമായിട്ടുണ്ട്. ഡി.എം.ആർ.സി തയ്യാറാക്കിയ ഹൈസ്പീഡ് റെയിലിന്റെ ഡി.പി.ആർ അനുസരിച്ച് തിരുവനന്തപുരം മുതൽ എറണാകുളം വരെ സഞ്ചരിക്കാൻ 1 മണിക്കൂറും 5 മിനിട്ടുമാണെടുക്കുന്നത്. സിൽവർ ലൈനിൽ 1 മണിക്കൂർ 25 മിനിട്ടിൽ |

| | | | |
|---|---|---|---|
| | | | എത്താൻ കഴിയും. നഗര കേന്ദ്രീകൃതവും തുരങ്കങ്ങളും ആകാശപാതകളും കൂടുതലുള്ളതുമായ നിർമ്മാണരീതി അവലംബിക്കുന്ന ഹൈസ്പീഡ് റെയിൽ കോറിഡോറിന്റെ നിർമ്മാണച്ചെലവ് സെമി ഹൈസ്പീഡ് റെയിലിന്റേതിനെക്കാൾ ഇരട്ടിയോളമാകും. കൂടാതെ യാത്രാ ചെലവും ഇരട്ടിയോളമാണ്. |
| (ഡി) | സർവ്വേക്കല്ലുകൾ പിഴുതെറിയുന്നതടക്കം സിൽവർ ലൈനിന് എതിരായി അക്രമ സമരങ്ങൾ നടക്കുന്ന പശ്ചാത്തലത്തിൽ ജനങ്ങളുടെ ആശങ്കയകറ്റാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സിൽവർലൈൻ പദ്ധതിക്ക് സ്ഥമേറ്റെടു ക്കാനുള്ള പ്രാരംഭ നടപടികൾക്ക് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം 2013-ലെ Right to Fair compensation and Transparency in land Acquisition, Rehabilitation and Resettlement Act 2013 (RFCT LARR) പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി രൂപീകരിച്ച് ശുപാർശ സമർപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അംഗീകാരം നൽകിക്കൊണ്ടുള്ള അനുമതി ഉത്തരവ് പദ്ധതിക്ക് ആവശ്യമായ അന്തിമ അനുമതി ലഭ്യമായതിന് ശേഷമേ പുറപ്പെടുവിക്കൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ജനങ്ങളുടെ മുൻപിൽ വസ്തുതകൾ അവതരിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുമ്പോൾ ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കും എന്ന കാര്യത്തിൽ ഇതിനകം നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ